(ബി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി പരീക്ഷണാർത്ഥം വെള്ളം പമ്പ് ചെയ്തപ്പോൾ ഗുണനിലവാരം കുറഞ്ഞ പൈപ്പ് ഉപയോഗിച്ചതിനാൽ അവ പൊട്ടിപ്പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതിൽ നിന്നും ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളെ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ആലോചിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഒഴിവാക്കുന്നത് ; കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മാനന്തവാടി, എടവക, വെള്ളമുണ്ട എന്നീ പഞ്ചായത്തുകൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ&എഫ്) ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിനേയും ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ ആലോചിച്ചിട്ടില്ല.

പറമ്പിൽ ബസാർ അങ്ങാടിയിലെ കുടിവെള്ള ക്ഷാമം

32 (3972) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പറമ്പിൽ ബസാർ അങ്ങാടിയിലെ പൊതുജനങ്ങൾക്ക് കുടിവെള്ളക്ഷാമം അനുഭവിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ഡി) മൂഴികൾ ശുദ്ധജലവിതരണ ടാങ്കിൽ നിന്നും പറമ്പിൽ ബസാറിലൂടെ കടന്നുപോകുന്ന ശുദ്ധജലവിതരണ ലൈനിൽ നിന്നും ഒരു പൊതുടാപ്പ് പറമ്പിൽ ബസാർ അങ്ങാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) എങ്കിൽ ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരാതി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ചെറുവാറ്റ ശുദ്ധജലവിതരണ പദ്ധതിയുടെ ഒരു പൈപ്പ് ലൈൻ പറമ്പിൽ ബസാർ അങ്ങാടിയിലൂടെ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) മൂഴിക്കൽ ശുദ്ധജലവിതരണ ടാങ്കിൽ നിന്നും പറമ്പിൽ ബസാർ അങ്ങാടിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല. ചെറുവാറ്റ പദ്ധതിയിൽ നിന്നും പറമ്പിൽ ബസാറിലേക്ക് പൈപ്പ് ലൈൻ നീട്ടിയിട്ടുണ്ട്. കരുവട്ടൂർ പഞ്ചായത്തിന്റെ തീരുമാനം ലഭിച്ചാൽ പൊതുടാപ്പ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) കരുവട്ടൂർ പഞ്ചായത്തിന്റെ തീരുമാനം ലഭിക്കുകയും പൊതുടാപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ പണം ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്യുന്ന മുറയ്ക്ക് പൊതുടാപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഉപയോഗശൂന്യമായ വാട്ടർ ടാങ്ക് പൊളിച്ചുമാറ്റാൻ നടപടി

33 (3973) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കടങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായ പഴയ വാട്ടർ ടാങ്ക് പൊളിച്ചുമാറ്റണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള പഞ്ചായത്തിന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചതെന്നാണ് ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ആവശ്യം നാളിതുവരെയായിട്ടും നടപ്പാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ലക്ഷങ്ങൾ മുടക്കി ഇവിടെ നിർമ്മിച്ചിരുന്ന പുതിയ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് പ്രസ്തുത വാട്ടർ ടാങ്ക് തടസ്സമായിട്ടുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വാട്ടർ ടാങ്ക് പൊളിച്ചുമാറ്റുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 28-9-2001-ൽ പഞ്ചായത്തിന്റെ നിവേദനം കേരള വാട്ടർ അതോറിറ്റി പി.എച്ച്.സർക്കിൾ, കൊച്ചി ഓഫീസിൽ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly